സൗജന്യ യൂണിഫോം പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

52 (3777) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ച സൗജന്യ യൂണിഫോം പദ്ധതിക്ക് എസ്.എസ്.എ.-യിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സൗജന്യ യൂണിഫോം പദ്ധതി നടപ്പു അദ്ധ്യയനവർഷവും നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) സൗജന്യ യൂണിഫോം പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) എത്ര കുട്ടികൾക്കാണ് നടപ്പു അദ്ധ്യയനവർഷം യൂണിഫോം വിതരണം ചെയ്യേണ്ടത് ; ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എസ്.എസ്.എ.-ക്ക് സൗജന്യ യൂണിഫോം പദ്ധതി നടപ്പാക്കാൻ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

വർഷം	കുട്ടികളുടെ എണ്ണം	ലഭിച്ച തുക (ലക്ഷത്തിൽ)
2012-13	937901	3751.6
2013-14	843472	3373.89
2014-15	780443	3121.77

(ബി) നടപ്പു അദ്ധ്യയനവർഷവും തുടരുന്നതാണ്.

(സി&ഡി) സർക്കാർ സ്കൂളുകളിലെ അർഹരായ കുട്ടികൾക്ക് എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ ലഭ്യമായ 31 കോടി രൂപയും എയ്ഡഡ് സ്കൂളുകളിലെ അർഹരായ കുട്ടികൾക്ക് അനുവദിച്ച 60 കോടി രൂപയിൽ 55 കോടി രൂപയും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. നടപ്പു അദ്ധ്യയന വർഷം ഏകദേശം 23 ലക്ഷം കുട്ടികൾക്ക് യൂണിഫോമിന് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly